ലാംഗ്വേജ് ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ

25 [1126] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് ലാംഗ്വേജ് ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാനത്ത് ഹയർ സെക്കന്ററി വകുപ്പ് തിരുവനന്തപുരം ജില്ലയിൽ ഒരു സ്കൂളിലും എറണാകുളം ജില്ലയിൽ ഒരു സ്കൂളിലും ലാംഗ്വേജ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഒരു സ്കൂളിൽ ഈ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ചുവരുന്നു.

അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണം

26 [1127] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എം. വി. ജയരാജൻ :
,, വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ;

(ബി) 10-ാം ക്ലാസ്സ് പരീക്ഷ നേരിട്ടെഴുതുന്നതിന് കഴിഞ്ഞ വർഷം അനുവാദം നൽകിയിരുന്നോ ; ഈ വർഷം 10-ാം ക്ലാസ്സ് പരീക്ഷ നേരിട്ടെഴുതുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(സി) ടി. സി. ഇല്ലാതെ 9-ാം ക്ലാസ്സ് വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് വിദ്യാലയങ്ങളെ അനുവദിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 1871 സ്ക്കൂളുകൾ.

(ബി) അനുവാദം നൽകിയിരുന്നു. ഈ വർഷം സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 3170/05/പൊ. വി. തീയതി 25-6-2005 അനുസരിച്ചും 4167/05/പൊ. വി. തീയതി 23-8-2005 അനുസരിച്ചും അംഗീകാരമില്ലാത്ത സ്കൂളുകളിൽ പത്താം ക്ലാസ്സിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾ ഗ്രേഡിംഗ് സമ്പ്രദായത്തിൽ 2006 മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത്തരം കുട്ടികൾക്ക് ടി. സി. ഇല്ലാതെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് യഥാക്രമം ജൂലായ് 8 വരെയും സെപ്റ്റംബർ 9 വരെയും സമയം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

GPM. 2/154/2013—9

LIBRARY ARCHIVES Kerala Legislative Assembly